## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 870** **18-09-2025 - ൽ മറുപടിയ്ക്ക്**

## അംബേദ്കർ ഗ്രാമവികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2021 മുതൽ 2025 വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കൊള്ളന്നൂർ ഗ്രാമത്തിൽ (2022-23) റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം (Retaining Wall) Concrete Road നിർമ്മാണം, അംഗൻവാടി നിർമ്മാണം (ശിശു സൗഹൃദ Toilet നിർമ്മാണം, സാംസ്കാരിക നിലയത്തിന്റെ നവീകരണം, കൾവെർട്ട് നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. കോൺക്രീറ്റ് റോഡ് നിർമ്മാണം (2 എണ്ണം) – പാലക്കുണ്ട റോഡ് പൂർത്തിയായി. മുയ്യത്ത് പറമ്പിൽ റോഡ് ആരംഭിച്ചിട്ടില്ല. 11 വീടുകളുടെ അറ്റകുറ്റപണികളിൽ 8 എണ്ണത്തിന്റെ പൂർത്തിയായി. 2 വീടുകളുടെ പണി പുരോഗമിക്കുന്നു. നിലവിലുള്ള റോഡിന്റെ നവീകരണം ആരംഭിച്ചിട്ടില്ല. പോന്നോർ IHDP ഗ്രാമത്തിൽ (2023-24) 19 വീടുകളുടെ അറ്റകുറ്റ പണികളിൽ 7 വീടുകളുടെ പണി പുരോഗമിക്കുന്നു. ഓവർഹെഡ്, വാട്ടർ ടാങ്ക് നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമുള്ള KSEB പോസ്റ്റുകൾ മാറ്റി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. വാട്ടർ ടാങ്കിന്റെ 6 പില്ലറുകളും 7 ബീമുകളും ഒന്നാംനില വാർപ്പും കഴിഞ്ഞിട്ടുണ്ട്. റോഡ് റീ ടാറിംഗ്, ഐറിഷ് കാന നിർമ്മാണം, കാന നിർമ്മാണവും റോഡിന്റെ സംരക്ഷണ ഭിത്തി കെട്ടലും, കൾവെർട്ട് നിർമ്മാണം, കമ്മ്യൂണിറ്റി ഹാളിന്റെ നവീകരണ പ്രവർത്തികൾ എന്നിവ ആരംഭിച്ചിട്ടില്ല. നെല്ലിക്കുന്ന് നഗറിന്റെ (2023-24) എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തെക്കുംക്കര നഗറിൽ (2024-25) പ്രഥമ യോഗം ചേർന്ന് ചെയ്യേണ്ടതായ പ്രവർത്തികൾ നിശ്ചിയിച്ചിട്ടുള്ളതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കമരനെല്ലൂർ IHDP നഗറിൽ (2022-23) അംഗനവാടി നവീകരണം – ചുറ്റുമതിൽ നിർമ്മാണം, പ്ലാസ്റ്ററിംഗ്, അടുക്കള സ്ലാബ് നിർമ്മാണം, പ്ലാസ്റ്ററിംഗ്, പാരപ്പെറ്റ്, വൈറ്റ് വാഷിംഗ് എന്നിവയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. 4 കിണറുകളുടെ നവീകരണം – ഇതിൽ 2 കിണറിന്റെ ചുറ്റമതിൽ നിലവിലുള്ള സംരക്ഷണ ഭിത്തി ഉയരം കൂട്ടി നിർമ്മിച്ചിട്ടുള്ളതും പ്ലാസ്റ്ററിംഗ് വൈറ്റ് വാഷിംഗ് എന്നിവയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന കിണറുകളിൽ പ്ലാസ്റ്ററിംഗ് വൈറ്റ് വാഷിംഗ്, ഉൾവശം വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ചങ്ങാലി - കൃഷ്ണനാൾ റോഡ് കോൺക്രീറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ ടാങ്കിലേക്കുള്ള വഴി – PCC Work , Retaining Wall എന്നിവ ചെയ്തിട്ടുണ്ട്. വാട്ടർ ടാങ്കിനുള്ള സ്ഥലത്ത് പാറക്കെട്ടുകൾ മാറ്റി നിരപ്പാക്കിയിട്ടുണ്ട്. ടാങ്ക് നിർമ്മാണം ആരംഭിച്ചിട്ടില്ല. മുക്കിലക്കാട് റോഡ് Drain Work ആരംഭിച്ചിട്ടില്ല. Open Gym yard -ൽ Inter Lock വിരിക്കൽ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ 2021-ന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുതുക്കി നൽകിയ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (ബി) | പാരിക്കാട് നഗറിൽ 48 വീടുകളുടെ അറ്റകുറ്റപ ണികളിൽ 45 എണ്ണം പൂർത്തീകരിച്ചു. 82 വീടുകളിൽ ഡിസി സോളാർ സിസ്റ്റം സ്ഥാപിക്കൽ -78 വീടുകളിൽ സ്ഥാപിച്ചു. സാംസ്കാരിക നിലയത്തിന്റെ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. കുഴൽകിണർ നിർമ്മിച്ചു. ജലലഭ്യത ഇല്ല. വരടിയം നഗറിൽ 87 വീടുകളുടെ അറ്റകുറ്റ പണികളിൽ 80 എണ്ണം പൂർത്തീകരിച്ചു. കോൺക്രീറ്റ് റോഡ് നിർമ്മാണം അരംഭിച്ചിട്ടില്ല. |
| (സി) | അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ